"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ്- സ്ത്രീകൾക്ക് നേരെയുള്ള ലൈംഗികാതിക്രമം (തടയൽ, നിരോധനം, പരിഹാരം) നിയമം 2013 - കേന്ദ്ര സർക്കാർ പോർട്ടലായ ഷീബോക്സ് പോർട്ടലിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിന് നോഡൽ ഓഫീസർമാരെ നിശ്ചയിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതശിശു വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.194/2026/WCDD    തീയതി,തിരുവനന്തപുരം, 01-06-2026

---

പരാമർശം:-

1. MA (D)22553/2023 in CA 2482/2014 എന്ന കേസിലെ 13.08.2024, 03.12.2024-ലെ ബഹു. സുപ്രീം കോടതിയുടെ വിധിന്യായം.

2. വനിതശിശു വികസന ഡയറക്ടറുടെ 21.06.2025-ലെ DWCD/5857/2024-WEC5 നം. കത്ത്.

**ഉത്തരവ്**

സ്ത്രീകൾക്ക് അവരുടെ ജോലിസ്ഥലത്ത് സുരക്ഷിതവും ലൈംഗികാതിക്രമ രഹിതവുമായി അന്തസ്സോടെ ജോലിയെടുക്കുന്നതിനായുള്ള തൊഴിൽ അന്തരീക്ഷം പ്രദാനം ചെയ്യുന്നതിനായി 2013 ഡിസംബർ 9-ന് ജോലിസ്ഥലത്ത് സ്ത്രീകൾക്ക് നേരെയുള്ള ലൈംഗികാതിക്രമം (തടയൽ, നിരോധനം, പരിഹാരം) നിയമം (POSH നിയമം) കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. സ്ത്രീകൾക്ക് അവരുടെ പ്രായം, തൊഴിൽ നില എന്നിവ പരിഗണിക്കാതെ തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗികാതിക്രമങ്ങൾക്കെതിരെ സംരക്ഷണം നൽകുന്നതിനും പരാതികൾ തടയുന്നതിനും പരിഹരിക്കുന്നതിനുമായാണ് ഈ നിയമം ആവിഷ്കരിച്ചിരിക്കുന്നത്. പ്രസ്തുത നിയമത്തിന്റെ സെക്ഷൻ 4 പ്രകാരം പത്തോ അതിലധികമോ തൊഴിലാളികൾ പണിയെടുക്കുന്ന എല്ലാ തൊഴിലിടങ്ങളിലും അതായത് സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ, പൊതുമേഖലാ, സംഘടിത, അസംഘടിത, സഹകരണം, നിയമം തുടങ്ങിയ എല്ലാ തൊഴിലിടങ്ങളിലും ഇന്റേണൽ കമ്മിറ്റികൾ (IC) രൂപീകരിക്കുവാൻ തൊഴിലുടമ

ബാധ്യസ്ഥൻ/ബാധ്യസ്ഥയാണ്. കൂടാതെ, 10 തൊഴിലാളികളിൽ താഴെയുള്ള ചെറിയ തൊഴിലിടങ്ങളിൽ/സ്ഥാപനങ്ങളിൽ നിന്നുള്ള പരാതികൾ സ്വീകരിക്കുന്നതിനോ അല്ലെങ്കിൽ പരാതി തൊഴിലുടമയ്ക്കെതിരെയുള്ള സാഹചര്യത്തിലോ ജില്ലാ ഓഫീസർമാർ മുഖേന ലോക്കൽ കമ്മിറ്റികൾ (LC) രൂപീകരിക്കുവാനും നിയമം വ്യവസ്ഥ ചെയ്യുന്നു.

(2) പരാമർശം (1) പ്രകാരം ഐ.സി/എൽ.സി യുടെ വിശദാംശങ്ങളും പോഷ് ആക്ട് പ്രകാരം ലഭിച്ചതും തീർപ്പാക്കപ്പെട്ടതുമായ പരാതികളുടെ എണ്ണവും ഉൾപ്പെടുത്തി ഒരു കേന്ദ്രീകൃത ഡേറ്റാ ബേസ് പൊതുജനങ്ങൾക്കു കൂടി ലഭിക്കത്തക്കവിധം ഡാഷ് ബോർഡ് രൂപീകരിക്കാൻ നിഷ്കർഷിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിലവിലുണ്ടായിരുന്ന "ഷീ ബോക്സ്" പോർട്ടലിൽ കാതലായ മാറ്റം വരുത്തി തൊഴിലെടുക്കുന്ന സ്ത്രീകൾക്ക് നേരെയുള്ള അതിക്രമം സംബന്ധിച്ച പരാതികൾ ഓൺലൈനായി ഫയൽ ചെയ്യുന്നതിനും ഏകീകൃത ഡേറ്റാ ശേഖരണത്തിനുമായി "ഷീ ബോക്സ്" പോർട്ടൽ നവീകരിച്ച് 29.08.2024 ൽ കേന്ദ്ര സർക്കാർ ഉദ്ഘാടനം നിർവഹിച്ചിട്ടുണ്ട്. ബഹു. സുപ്രീം കോടതിയുടെ നിർദ്ദേശ പ്രകാരം ആവശ്യാനുസരണം മാറ്റം വരുത്തിയിട്ടുള്ള ഈ പോർട്ടൽ ഒരു കേന്ദ്രീകൃത ഡേറ്റാ മോണിറ്ററിംഗിനും പരാതി പരിഹാരത്തിനുമായി ആവിഷ്കരിച്ചിട്ടുള്ളതാണ്. നവീകരിച്ച "ഷീ ബോക്സ്" പോർട്ടലിൽ, POSH Act 2013 സെക്ഷൻ 5 അനുസരിച്ച് ജില്ല ഓഫീസർമാരെ ചേർക്കാനുള്ള പ്രൊവിഷനുണ്ട്. ഡിസ്ട്രിക്ട് ഓഫീസർ (DO) ഓരോ ജില്ലയിലും POSH Act കൈകാര്യം ചെയ്യുന്നതിന് ജില്ലാ തലത്തിൽ ജില്ലാ നോഡൽ ഓഫീസറേയും താലൂക്ക് തലത്തിലും ബ്ലോക്ക് തലത്തിലും പഞ്ചായത്ത്/മുൻസിപ്പാലിറ്റി തലത്തിലും വാർഡ് തലത്തിലും നോഡൽ ഓഫീസർമാരെ നിയോഗിക്കാൻ നിർദ്ദേശമുണ്ട്. ഇവർക്ക് ചുവടെ പറയുന്ന ചുമതലകളാണ് നിർവഹിക്കാനുള്ളത്.

1) എല്ലാ തൊഴിലിടങ്ങളിലും എല്ലാ അഡ്മിനിസ്ട്രേറ്റീവ് തലത്തിലും നോഡൽ ഓഫീസർമാരെ നിയമിക്കണം. അതായത് സംസ്ഥാനതലം, ജില്ലാതലം, താലൂക്ക് തലം, ബ്ലോക്ക് തലം, പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ തലം എന്നിവിടങ്ങളിൽ

2)POSH Act കൈകാര്യം ചെയ്യുന്നതിനും "ഷീ ബോക്സ് പോർട്ടൽ" മോണിട്ടറിംഗിനുമായി സർക്കാർ, അർദ്ധസർക്കാർ, സർക്കാർ സ്വയംഭരണം, സഹകരണം എന്നിവിടങ്ങളിൽ സംസ്ഥാന തലത്തിൽ അസിസ്റ്റന്റ് ഡയറക്ടറിൽ കുറയാത്ത ഒരുദ്യോഗസ്ഥൻ/ഉദ്യോഗസ്ഥയെ സ്റ്റേറ്റ് നോഡൽ ഓഫീസർ ആയും, ജില്ലാതലത്തിൽ ജില്ലാ തല മേധാവികളെ ജില്ലാ നോഡൽ ഓഫീസർമാരായും നിയോഗിക്കേണ്ടതാണ്.

3)POSH Act 2013 സമ്പൂർണമായി സംസ്ഥാനത്ത് നടപ്പിലാക്കുന്നത് ഏകോപിപ്പിക്കുന്നതിനുള്ള നോഡൽ വകുപ്പ് വനിതാ ശിശു വികസന വകുപ്പായിരിക്കും.

4) POSH Act 2013 സമ്പൂർണമായി സംസ്ഥാനത്ത് ഏകോപിപ്പിക്കുന്നതിനുള്ള സ്റ്റേറ്റ് നോഡൽ ഓഫീസർ അഥവാ മാസ്റ്റർ നോഡൽ ഓഫീസർ അഡീഷണൽ ഡയറക്ടർ, വനിത ശിശു വികസന വകുപ്പ് ആയിരിക്കും (SNO).

ചുമതലകൾ:

i) മോണിട്ടറിംഗ് ഷീബോക്സ് പോർട്ടൽ: സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകളിൽ ഷീ ബോക്സ് മോണിട്ടറിംഗിനായി നിയോഗിക്കപ്പെട്ട നോഡൽ ഓഫീസർമാർ അതാത് വകുപ്പുകളിലെ ഐ.സി വിവരങ്ങൾ ഷീ ബോക്സ് പോർട്ടലിൽ അപ് ലോഡ് ചെയ്തു എന്ന് ഉറപ്പു വരുത്തുക.

ii) ഡാറ്റാ കൃത്യതയും കംപ്ലയൻസും ഉറപ്പുവരുത്തുക

ഷീ ബോക്സ് പോർട്ടലിൽ രേഖപ്പെടുത്തിയിരിക്കുന്ന ഡാറ്റയുടെ കൃത്യത, അതാത് വകുപ്പ് തല സ്റ്റേറ്റ് നോഡൽ ഓഫീസർമാർ ഡാറ്റാ, നിയമം അനുശാസിക്കും പ്രകാരം ആണെന്ന് ഉറപ്പു വരുത്തുക.

iii) ജില്ലാതല നോഡൽ ഓഫീസർമാരുമായുള്ള കോ-ഓർഡിനേഷൻ ആന്റ് മോണിറ്ററിംഗ്

ജില്ലാ തലത്തിൽ ലോക്കൽ കമ്മിറ്റി വിവരങ്ങൾ ജില്ലാ നോഡൽ ഓഫീസർമാർ കാലാനുസൃതമായി അപ്ലോഡ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുക. കൂടാതെ ജില്ലാതലത്തിൽ ജില്ലാ തല ഓഫീസുകളുടെയും അവിടങ്ങളിലെ ഇന്റേണൽ കമ്മിറ്റി വിവരങ്ങൾ കാലാനുസൃതമായി അപ്ലോഡ് ചെയ്യുന്നു എന്ന് ഉറപ്പു വരുത്തുക.

iv) നവീകരിച്ച വിവരങ്ങളുടെ രേഖപ്പെടുത്തലും പരിപാലനവും

വകുപ്പുതല ജില്ലാ തല നോഡൽ ഓഫീസർമാർ ജില്ലയിലെ അധികാരപരിധിയിൽ വരുന്ന എല്ലാ കീഴ് കാര്യാലയങ്ങളിലും ഐ.സി രൂപീകരിച്ചു എന്നും ഷീ ബോക്സ് പോർട്ടലിൽ അപ് ലോഡ് ചെയ്തു എന്നും ഉറപ്പു വരുത്തേണ്ടതാണ്.

v) സംസ്ഥാന സർക്കാർ നോട്ടിഫൈ ചെയ്ത ജില്ലാ ഓഫീസറുടെ വിവരങ്ങൾ ഷീ ബോക്സ് പോർട്ടലിൽ അപ്ലോഡ് ചെയ്യുക.

vi) വകുപ്പുകളുടെ വിശദാംശങ്ങൾ- ആഡ്/ക്രിയേറ്റ് -എല്ലാ വകുപ്പുകൾ

vi 1. എല്ലാ വകുപ്പുകളുടെയും നോഡൽ ഓഫീസർമാരുടെ വിശദാംശങ്ങൾ അപ്ലോഡ് ചെയ്യുക.

vi 2. സ്റ്റേറ്റ് നോഡൽ ഓഫീസർ എല്ലാ വകുപ്പുതല നോഡൽ ഓഫീസർമാരേയും ഷീ ബോക്സ് പോർട്ടൽ സംബന്ധിച്ചും പ്രസ്തുത പോർട്ടലിൽ വിവരങ്ങൾ അപ്ലോഡ് ചെയ്യുന്നത് സംബന്ധിച്ചും അറിയിപ്പു നൽകുക. അതിലൂടെ അതാത് വകുപ്പ് തലത്തിലുള്ള ഐ.സി

വിവരങ്ങൾ യൂസർ ഐ.ഡി -email id of Nodal Officer uploaded on portal and password - Admin123hash ഉപയോഗിച്ച് പോർട്ടലിൽ രേഖപ്പെടുത്താൻ സാധിക്കുന്നതാണ്.

vi 3. സംസ്ഥാനതലത്തിലെ എല്ലാ വകുപ്പ് നോഡൽ ഓഫീസർമാരുമായും തുടർച്ചയായി ഫോളോഅപ് നടത്തുന്നതിലൂടെ സംസ്ഥാനത്തെ സർക്കാർ സർക്കാരിതര തൊഴിലിടങ്ങളിൽ നിയമം അനുശാസിക്കുന്ന എല്ലാ തൊഴിലിടങ്ങളിലേയും ഐ.സി വിവരങ്ങൾ അപ്‌ലോഡ് ചെയ്തു എന്ന് ഉറപ്പു വരുത്തുക.

<u>ജില്ലാ ഓഫീസർ (DO):</u>

5) POSH Act 2013 സെക്ഷൻ 5 പ്രകാരം നോട്ടിഫൈ ചെയ്തിട്ടുള്ള ജില്ലാ കളക്ടർ ആയിരിക്കും POSH Act ജില്ലാ ഓഫീസർ (DO)

<u>ജില്ലാ തല നോഡൽ ഓഫീസർ (DNO):</u>

6) സെക്ഷൻ 5 പ്രകാരം നോട്ടിഫൈ ചെയ്തിട്ടുള്ള ജില്ലാ ഓഫീസർമാരായ ജില്ലാ കളക്ടർമാരെ (DO) POSH Act അതാത് ജില്ലയിൽ സമ്പൂർണമായി നടപ്പിലാക്കുന്നതിന് സഹായിക്കുന്നതിനായാണ് ജില്ലാ നോഡൽ ഓഫീസർമാരെ നിയമിച്ചിരിക്കുന്നത് (DNO)

7) വനിതാ ശിശു വികസന വകുപ്പിലെ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരാണ് നോഡൽ വകുപ്പിന്റെ POSH Act ജില്ലാ തല നോഡൽ ഓഫീസർമാർ (DNO)

7.1 DNO ബന്ധപ്പെട്ട ലോക്കൽ കമ്മിറ്റി വിവരങ്ങൾ (LCs) ഷീ ബോക്സ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യുക.

7.2 ജില്ലയിലെ എല്ലാ വകുപ്പുകൾക്ക് കീഴിൽ വരുന്ന ജില്ലാ ഓഫീസുകളും ഷീ ബോക്സ് പോർട്ടലിൽ ആഡ്/ക്രിയേറ്റ് ചെയ്തിട്ടുണ്ടെന്നും ബന്ധപ്പെട്ട ജില്ലാ ഓഫീസുകളിലെ നോഡൽ ഓഫീസർമാരുടെ വിവരങ്ങൾ ഷീ ബോക്സ് പോർട്ടലിൽ അപ് ലോഡ് ചെയ്തിട്ടുണ്ടെന്നും ഉറപ്പു വരുത്തേണ്ടത് DNO യുടെ ചുമതലയാണ്.

7.3 ഇപ്രകാരം ആഡ്/ക്രിയേറ്റ് ചെയ്യുന്ന ജില്ലാ ഓഫീസുകളിലെ നോഡൽ ഓഫീസർമാർ ഷീ ബോക്സ് പോർട്ടലിൽ ഐ.സി വിവരങ്ങൾ അപ്‌ലോഡ് ചെയ്തു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

7.4 POSH Act ഐ.ഇ.സി പ്രവർത്തനങ്ങൾ, പരിശീലനം എന്നിവ ജില്ലയിൽ നടപ്പിലാക്കാനുള്ള ഉത്തരവാദിത്തം ജില്ലാ നോഡൽ ഓഫീസറായ ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് (DNO) ആയിരിക്കും.

8. സബ് ഡിസ്ട്രിക്ട് നോഡൽ ഓഫീസർ

ജില്ലാ നോഡൽ ഓഫീസറെ സഹായിക്കുവാൻ ബ്ലോക്ക് തലത്തിൽ സർക്കാർ നോട്ടിഫൈ

ചെയ്തിട്ടുള്ള 258 ശിശു വികസന പദ്ധതി ഓഫീസർമാരായിരിക്കും ഷീ ബോക്സ് പോർട്ടലിന്റെ സബ് ഡിസ്ട്രിക്ട് നോഡൽ ഓഫീസർമാർ.

8.1 വകുപ്പ് തല സബ് നോഡൽ ഓഫീസർമാരുടെ വിവരങ്ങളോടൊപ്പം സമർപ്പിച്ച ഇ-മെയിൽ ഐ.ഡി തന്നെയായിരിക്കും ബന്ധപ്പെട്ട വകുപ്പിലെ സബ് നോഡൽ ഓഫീസർമാരുടെ യൂസർ ഐ. ഡി.

8.2 ജില്ലാതല നോഡൽ ഓഫീസർമാരെ (DNO) യെ സഹായിക്കുകയും ബ്ലോക്ക് തല ഐ.സി വിവരങ്ങൾ ഷീ ബോക്സ് പോർട്ടലിൽ അപ്‌ലോഡ് ചെയ്തു എന്ന് ഉറപ്പുവരുത്തുകയുമാണ് സബ് ഡിസ്ട്രിക്ട് നോഡൽ ഓഫീസർമാരുടെ ചുമതല.

8.3 എല്ലാ വകുപ്പിലേയും ജില്ലാതല കാര്യാലയങ്ങൾക്കും കീഴിൽ വരുന്ന ബ്ലോക്ക് തലത്തിലുള്ള തൊഴിലിടങ്ങളിൽ നിയമം അനുശാസിക്കും പ്രകാരം ഐ.സി രൂപീകരിച്ച് ഷീ ബോക്സ് പോർട്ടലിൽ അപ്‌ലോഡ് ചെയ്തു എന്നുറപ്പ് വരുത്തേണ്ടതും സബ് ഡിസ്ട്രിക്ട് നോഡൽ ഓഫീസറാണ്.

9. ഡിപ്പാർട്ട്മെന്റ് നോഡൽ ഓഫീസർ

9.1 വകുപ്പ് നോഡൽ ഓഫീസർ അസിസ്റ്റന്റ് ഡയറക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ ആയിരിക്കേണ്ടതാണ് (DNO)(ഡിപ്പാർട്ട്മെന്റ് നോഡൽ ഓഫീസർ)

9.2 വകുപ്പ് തല നോഡൽ ഓഫീസർമാരുടെ വിവരങ്ങളോടൊപ്പം സമർപ്പിച്ച ഇ -മെയിൽ ഐ.ഡി തന്നെയായിരിക്കും ബന്ധപ്പെട്ട വകപ്പിന്റെ യൂസർ ഐ.ഡി.

9.3 ബന്ധപ്പെട്ട വകുപ്പുകൾക്ക് കീഴിൽ സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ തൊഴിലിടങ്ങളിലും നിയമം അനുശാസിക്കും പ്രകാരം ഐ.സി രൂപീകരിച്ചിട്ടുണ്ടെന്നും പ്രസ്തുത വിവരങ്ങൾ ഷീ ബോക്സ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.

10. ബ്ലോക്ക് തലത്തിൽ സബ് ഡിസ്ട്രിക്ട് നോഡൽ ഓഫീസർമാരെ സഹായിക്കുന്നത് പഞ്ചായത്ത്/മുൻസിപ്പാലിറ്റി കോർപ്പറേഷൻ തലങ്ങളിലെ ഐ.സി.ഡി.എസ് സൂപ്പർവൈസർമാരുടെ ചുമതലയാണ്.

ഈ സാഹചര്യത്തിൽ ബന്ധപ്പെട്ട നോഡൽ ഓഫീസർമാർ അവരവരുടെ വകുപ്പുകൾക്ക് കീഴിലുള്ള എല്ലാ തൊഴിലിടങ്ങളിലും രൂപീകരിച്ച ഇന്റേണൽ കമ്മിറ്റി വിശദാംശങ്ങളും ജില്ലാ വനിത ശിശു വികസന ഓഫീസർമാർ ജില്ലാതലത്തിൽ ലോക്കൽ കമ്മിറ്റിയും രൂപീകരിച്ചതിന്റെ വിശദാംശങ്ങളും പരാതികളുടെ വിശദാംശങ്ങളും She Box ൽ അപ്‌ഡേറ്റ് ചെയ്യേണ്ടതുണ്ട്.

യൂസർ മാനുവൽ പറഞ്ഞിരിക്കും പ്രകാരം എല്ലാ നോഡൽ ഓഫീസർമാരും യൂസർ ഐ.ഡി, പാസ്സ് വേർഡ് ഉപയോഗിച്ച് SHE Box ൽ ലോഗിൻ ചെയ്ത് ലോഗിൻ രജിസ്ട്രേഷൻ പൂർത്തിയാക്കി എല്ലാ ഐ.സി വിവരങ്ങളും നടപടിക്രമങ്ങളും പൂർത്തിയാക്കേണ്ടതുണ്ട്.

ഡിസ്ട്രിക്ട് ഓഫീസർ (DO) അതായത് ജില്ലാ കളക്ടർ ഡിസ്ട്രിക്ട് നോഡൽ ഓഫീസറിൽ (DNO) നിന്നും വ്യത്യസ്തമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. POSH Act പ്രകാരം ഡിസ്ട്രിക്ട് ഓഫീസർ (DO) ജില്ലാതലത്തിൽ LC രൂപികരിക്കാൻ അധികാരപ്പെടുത്തിയിരിക്കുന്ന ആളും ഡിസ്ട്രിക്ട് നോഡൽ ഓഫീസർ (DNO) ജില്ലയിലെ ഭരണതലത്തിലുള്ളവരായിരിക്കുകയും ജില്ലാ മജിസ്ട്രേറ്റോ ജില്ലാ കളക്ടറോ എൽ.സി ആയിരിക്കാൻ പാടില്ലാത്തതുമാണ് എന്ന് വ്യക്തമാക്കിയിട്ടുമുണ്ട്.

(3) ഈ സാഹചര്യത്തിൽ, SHE BOX Online Complaint Management System പോർട്ടലിന് സ്റ്റേറ്റ് നോഡൽ ഓഫീസറായി വനിതാ ശിശു വികസന വകുപ്പ് അഡീഷണൽ ഡയറക്ടറേയും ജില്ലാതലത്തിൽ പോഷ് നിയമം അനുശാസിക്കും പ്രകാരം നിയോഗിച്ചിട്ടുള്ള ജില്ലാ ഓഫീസർമാരായ ജില്ലാ കളക്ടർമാരെ സഹായിക്കുന്നതിനായി ജില്ലാ തല നോഡൽ ഓഫീസർമാരായി ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരെയും ബ്ലോക്ക് തലത്തിൽ സബ് ഡിസ്ട്രിക്ട് നോഡൽ ഓഫീസർമാരായി 258 ശിശു വികസന പദ്ധതി ഓഫീസർമാരേയും പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ ഐസിഡിഎസ് സൂപ്പർവൈസർമാരേയും ഷീബോക്സ് നോഡൽ ഓഫീസർമാരായി നിയോഗിച്ച് ഉത്തരവാകുന്നതിനും അതോടൊപ്പം എല്ലാ സർക്കാർ വകുപ്പുകളിലും POSH Act നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഷീബോക്സ് പോർട്ടൽ, മോണിട്ടർ ചെയ്യുന്നതിനും അതാത് വകുപ്പുതലത്തിൽ POSH Act 2013 നടപ്പിലാക്കുന്നത് വീക്ഷിക്കുന്നതിനും അസിസ്റ്റന്റ് ഡയറക്ടർ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥയെ വകുപ്പ് തല നോഡൽ ഓഫീസറായും ബന്ധപ്പെട്ട വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥരെ ജില്ലാ നോഡൽ ഓഫീസർമാരായും ചുമതലപ്പെടുത്തി ഉത്തരവാകേണ്ടതുണ്ടെന്ന് വനിതശിശു വികസന ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. SHE BOX Online Complaint Management System പോർട്ടലിന് സ്റ്റേറ്റ് നോഡൽ ഓഫീസറായി വനിതാ ശിശു വികസന വകുപ്പ് അഡീഷണൽ ഡയറക്ടറേയും ജില്ലാതലത്തിൽ POSH Act അനുശാസിക്കും പ്രകാരം നിയോഗിച്ചിട്ടുള്ള ജില്ലാ ഓഫീസർമാരായ ജില്ലാകളക്ടർമാരെ സഹായിക്കുന്നതിനായി ജില്ലാതല നോഡൽ ഓഫീസർമാരായി ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരെയും ബ്ലോക്ക് തലത്തിൽ സബ് ഡിസ്ട്രിക്ട് നോഡൽ ഓഫീസർമാരായി 258 ശിശു വികസന പദ്ധതി

ഓഫീസർമാരെയും പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർമാരേയും ഷീബോക്സ് നോഡൽ ഓഫീസർമാരായി നിയോഗിച്ചും അതോടൊപ്പം എല്ലാ സർക്കാർ വകുപ്പുകളിലും POSH Act നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഷീബോക്സ് പോർട്ടൽ, മോണിട്ടർ ചെയ്യുന്നതിനും അതാത് വകുപ്പുതലത്തിൽ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗികാതിക്രമം (തടയൽ, നിരോധനം, പരിഹാരം) നിയമം 2013 നടപ്പിലാക്കുന്നത് വീക്ഷിക്കുന്നതിനും അസിസ്റ്റന്റ് ഡയറക്ടർ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥയെ വകുപ്പ് തല നോഡൽ ഓഫീസറായും ബന്ധപ്പെട്ട വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥരെ ജില്ലാ നോഡൽ ഓഫീസർമാരായും നിയോഗിച്ചുകൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sithara Vijayan
Date: 01-06-2026 14:24:34
സെക്ഷൻ ഓഫീസർ